# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഫെബ്രുവരി 08, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

എ.സി. ജോസിന്റെ നിര്യാണം

മി. സ്പീക്കർ: എറണാകുളം ജില്ലയിൽ അമ്പാട്ട് എ.സി. ചാക്കോയുടെ മകനായി 1937 മേയ് 9-ന് ജനിച്ച എ. സി. ജോസ് വിദ്യാർത്ഥിയായിരിക്കെ കേരള സ്റ്റുഡൻസ് യൂണിയനിലൂടെ പൊതുപ്രവർത്തന രംഗത്ത് എത്തുകയും എറണാകുളം ലാ കോളേജിൽനിന്നും നിയമബിരുദം നേടി കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിക്കുകയും ചെയ്തു. വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ കേരള രാഷ്ട്രീയത്തിൽ സജീവമായിരുന്ന അദ്ദേഹം

1980-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (യു) പ്രതിനിധിയായി പറവൂർ നിയോജകമണ്ഡലത്തിൽനിന്ന് ആറാം കേരള നിയമസഭയിലേക്കും 1984-ൽ ഏഴാം കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1982 ഫെബ്രുവരി 3 മുതൽ ജൂൺ 23 വരെ സ്പീക്കർ പദവി വഹിച്ച അദ്ദേഹം പ്രിവിലേജസ്, എസ്റ്റിമേറ്റ്സ് സമിതികളുടെ ചെയർമാൻ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. 1996, 1998, 1999 വർഷങ്ങളിൽ ഇടുക്കി, മുകുന്ദപുരം, തൃശ്ശൂർ നിയോജകമണ്ഡലങ്ങളിൽനിന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായി ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ലോക്സഭയുടെ പ്രിവിലേജസ് കമ്മിറ്റി, കമ്മിറ്റി ഓൺ എക്സ്റ്റേണൽ അഫയേഴ്സ്, കമ്മിറ്റി ഓൺ ട്രാൻസ്പോർട്ട് ആന്റ് ടൂറിസം, പാർലമെന്റ് അംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച സംയുക്ത സമിതി, കമ്മിറ്റി ഓൺ ഇൻഡസ്ട്രി തുടങ്ങിയ പാർലമെന്ററി സമിതികളിലും കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട വിവിധ കൺസൾട്ടേറ്റീവ് കമ്മിറ്റികളിലും അംഗമായി പ്രശംസനീയമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്. ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിലേക്കുള്ള ഇൻഡ്യൻ പ്രതിനിധി സംഘത്തിൽ അംഗമായിരുന്ന അദ്ദേഹം കൊച്ചിൻ കോർപ്പറേഷൻ മേയറായും പ്രവർത്തിച്ചിട്ടുണ്ട്. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, കയർ ബോർഡ് ചെയർമാൻ,

ഐ.എൻ.റ്റി.യു.സി സംസ്ഥാന ട്രഷറർ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുള്ള എ. സി. ജോസ് വീക്ഷണം ദിനപ്പത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ, ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വം വഹിച്ചിട്ടുള്ള എ.സി.ജോസിന്റെ നിര്യാണത്തോടെ മികച്ച ഒരു സംഘാടകനേയും ട്രേഡ് യൂണിയൻ നേതാവിനേയും പാർലമെന്റേറിയനേയും നിർഭയനായ പത്ര പ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തുവന്ന എ. സി. ജോസ് അരനൂറ്റാണ്ടിലേറെക്കാലം കേരളത്തിൽ നിറഞ്ഞുനിന്ന് പ്രവർത്തിച്ച ഒരു നേതാവായിരുന്നു. എം.എൽ.എ., എം.പി. എന്നീ നിലകളിൽ മികച്ച പാർലമെന്റേറിയനായിരുന്ന അദ്ദേഹം സ്പീക്കറായി ചുരുങ്ങിയ നാൾ മാത്രമേ പ്രവർത്തിച്ചിട്ടുള്ളുവെങ്കിലും അദ്ദേഹത്തിന്റെ പക്വതയും ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലെ ജാഗ്രതയും പ്രശംസനീയമാണ്. രാഷ്ട്രീയത്തിനതീതമായി തൊഴിലാളികളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള പോരാട്ടങ്ങൾ ഞാൻ പ്രത്യേകം സ്മരിക്കുന്നു. അവസാന നിമിഷംവരെ പൊതുപ്രവർത്തന രംഗത്ത് സജീവമായിരുന്ന അദ്ദേഹത്തിന്റെ വേർപാട് കോൺഗ്രസിനും ഐ.എൻ.റ്റി.യു.സി.-

ക്കും തൊഴിലാളി മേഖലയ്ക്കും വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. അദ്ദേഹവുമായി അമ്പത് വർഷത്തിലേറെ ബന്ധമുള്ള എന്നെ സംബന്ധിച്ച് ഇതൊരു വ്യക്തിപരമായ നഷ്ടംകൂടിയാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): മുൻ സ്പീക്കർ എ.സി. ജോസിന്റെ നിര്യാണം സംസ്ഥാനത്തിനാകെ വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം സ്പീക്കർ എന്ന നിലയിൽ മാത്രമല്ല, ലോക്സഭാ മെമ്പറായും സമർത്ഥനായ ട്രേഡ് യൂണിയൻ പ്രവർത്തകനായും പ്രമുഖ നേതാവായും പൊതുരംഗത്ത് ശോഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ കക്ഷിയും ദു:ഖിക്കുന്നു, കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കെ.എസ്.യു. പ്രസ്ഥാനത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച എ. സി. ജോസ് താൻ വിശ്വസിച്ചിരുന്ന രാഷ്ട്രീയ പ്രസ്ഥാനത്തോട് നൂറ് ശതമാനം കൂറുപുലർത്തിയിരുന്നു. നിയമസഭാ സാമാജികനായും സ്പീക്കറായും മേയറായും പ്രവർത്തിച്ച അദ്ദേഹത്തിന്റെ പാടവം എല്ലാവരും അംഗീകരിക്കുന്നതാണ്. കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയ വ്യക്തി എന്ന നിലയിൽ അദ്ദേഹം ചരിത്രത്തിൽ ഇടംനേടിയിട്ടുണ്ട്. വീക്ഷണം പത്രത്തിന്റെ സാരഥ്യം ഏറ്റെടുത്തുകൊണ്ട് മികച്ച

പത്രാധിപരായി കഴിവ് തെളിയിച്ചിട്ടുള്ള അദ്ദേഹം സ്പോർട്സ് കൗൺസിൽ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാർലമെന്റിൽ വിവിധ കൺസൾട്ടേറ്റീവ് കമ്മിറ്റികളിൽ പ്രവർത്തിച്ച് പരിചയസമ്പത്ത് നേടിയിരുന്ന അദ്ദേഹം അവസാന നിമിഷംവരെ കർമ്മനിരതനായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ സഭയ്ക്കും കുടുംബാംഗങ്ങൾക്കുമുണ്ടായ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

ശ്രീ. സി. ദിവാകരൻ: ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ട്രേഡ് യൂണിയൻ രംഗത്ത് എ. സി. ജോസുമായി വളരെ അടുത്ത ബന്ധമാണ് എനിക്കുണ്ടായിരുന്നത്. കോൺഗ്രസ് നേതാക്കൻമാരിൽ അസാധാരണ സ്നേഹവാത്സല്യമുള്ള, രാഷ്ട്രീയ താത്പര്യത്തിനതീതമായി മറ്റുള്ളവരെ ബഹുമാനിക്കുകയും അവരുടെ അഭിപ്രായങ്ങൾ മാനിക്കുകയും ചെയ്യുന്ന ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. പഴയകാല പാർട്ടി നേതാക്കൻമാരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം അസംഘടിതരായ നിർമ്മാണ തൊഴിലാളികൾക്കായി ശക്തമായ ഒരു സംഘടന കെട്ടിപ്പടുക്കുന്നതിൽ വഹിച്ച പങ്ക് കേരളത്തിന്റെ ട്രേഡ് യൂണിയൻ ചരിത്രത്തിൽ അവിസ്മരണീയമാണ്. സ്പീക്കർ എന്ന നിലയിൽ ചരിത്രത്തിന്റെ ഭാഗമാകുകയും ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ മൂന്നു തവണ പങ്കെടുക്കുകയും ചെയ്തിരുന്നു. സത്യസന്ധനും ധന്യമായ രാഷ്ട്രീയ ജീവിതത്തിന് ഉടമയുമായിരുന്ന

അദ്ദേഹം വീക്ഷണം പത്രത്തിന്റെ പത്രാധിപരാകുകയും പത്രധർമ്മം എന്താണെന്ന് പഠിപ്പിക്കുകയും ചെയ്തിരുന്നു. ഏത് കാര്യത്തിലും നിർഭയമായും വിനയത്തോടും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളോടുള്ള ദു:ഖം പങ്കുവയ്ക്കുകയും എന്റെ പാർട്ടിയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. കെ. എം. മാണി: എ.സി. ജോസിന്റെ വേർപാട് കേരള രാഷ്ട്രീയത്തിനും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും തീരാനഷ്ടമാണ്. വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന അദ്ദേഹം മൂന്ന് തവണ ലോക്സഭാംഗമായും രണ്ട് തവണ നിയമസഭാംഗമായും നിയമസഭാ സ്പീക്കറായും പ്രവർത്തിച്ചിരുന്നു. ഭരണ-പ്രതിപക്ഷ കക്ഷികൾ തുല്യശക്തികളായി പൊരുതിക്കൊണ്ടിരുന്ന സന്ദർഭത്തിലായിരുന്നു അദ്ദേഹം സ്പീക്കറായത്. കേരളത്തിലെ ഏറ്റവും പ്രായംകുറഞ്ഞ മേയറായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മേയർ എന്ന നിലയിൽ കൊച്ചിൻ കോർപ്പറേഷന്റെ സമഗ്ര വികസനത്തിനുവേണ്ടി വളരെയേറെ സംഭാവനകൾ നൽകാൻ കഴിഞ്ഞ അദ്ദേഹം നല്ലൊരു പാർലമെന്റേറിയനും അഭിഭാഷകനുമായിരുന്നു. തൊഴിലാളി നേതാവ് എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന്റെ നിര്യാണം കേരളത്തിന്

തീരാനഷ്ടമാണ്. ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്ന അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: നമ്മെ വിട്ടുപിരിഞ്ഞ മുൻ സ്പീക്കർ എ.സി. ജോസിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. പൊതുപ്രവർത്തനത്തിലെ സുതാര്യതകൊണ്ട് വളരെയേറെ ശ്രദ്ധേയനായിരുന്ന എ.സി. ജോസ്. വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ പൊതുപ്രവർത്തനരംഗത്ത് വന്ന അദ്ദേഹം ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴൊക്കെ ജനങ്ങളോട് പരിപൂർണ്ണമായും കൂറ് പുലർത്തിയിട്ടുണ്ട്. പൊതുപ്രവർത്തന കാലഘട്ടത്തിൽ പാർട്ടിയോട് കൂറും ജനങ്ങളോട് വിധേയത്വവും പുലർത്തിയ അദ്ദേഹം ഒരു ഘട്ടത്തിലും അധികാര പദവികൾ ദുരുപയോഗം ചെയ്തിട്ടില്ല. മനുഷ്യസ്നേഹത്തിന്റെ പര്യായമായിരുന്ന അദ്ദേഹം. വ്യത്യസ്ത രാഷ്ട്രീയപാർട്ടികളിൽപ്പെട്ട ആളുകളോട് സൗഹൃദം പുലർത്താനും ഊഷ്മളമായ ബന്ധങ്ങൾ നിലനിർത്താനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് പ്രത്യേകം ഓർക്കുകയാണ്. വളരെ ചുരുങ്ങിയ കാലഘട്ടമാണ് അദ്ദേഹം നിയമസഭാ സ്പീക്കറായി പ്രവർത്തിച്ചത്. കാസ്റ്റിംഗ്

വോട്ടിംഗിലൂടെ അദ്ദേഹം ശ്രദ്ധേയനായ സ്പീക്കറായി മാറി. തൊഴിലാളി പ്രവർത്തന രംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകൾ അതുല്യമാണ്. അസംഘടിത മേഖലകളിൽ തൊഴിലാളികളെ സംഘടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും ഞാനും എന്റെ പാർട്ടിയും അനുശോചനം അറിയിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-കായിക രംഗങ്ങളിൽ ശക്തമായ ഇടപെടൽ നടത്തി മൂന്നുതവണ ലോക്സഭാംഗമെന്ന നിലയിലും രണ്ടുതവണ നിയമസഭാംഗമെന്ന നിലയിലും സ്പീക്കർ എന്ന നിലയിലും പ്രവർത്തിച്ച മഹാനായ വ്യക്തിയായിരുന്നു എ. സി. ജോസ്. അദ്ദേഹത്തിന്റെ ജീവിതം പാഠ്യവിഷയമാക്കേണ്ടതാണ്. അസംഘടിതരായ നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവർക്കാവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറായ നേതാവ് കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന സമയത്ത് വിവിധ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ കഴിയുന്നവിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ

കുടുംബാംഗങ്ങൾക്കുണ്ടായ ദു:ഖത്തിൽ ഞാനും എന്റെ രാഷ്ട്രീയപ്രസ്ഥാനവും പങ്കുചേരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: അന്തരിച്ച മുൻ സ്പീക്കർ എ.സി. ജോസിനെക്കുറിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അദ്ദേഹം അംഗമായ രണ്ട് സഭകളിലും പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അതിനേക്കാളെല്ലാം ഉപരിയായി ഞാൻ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച കാലംമുതൽ അദ്ദേഹത്തിന്റെ കുടുംബവുമായി നല്ല ബന്ധം പുലർത്തിയിരുന്നു. വളരെയേറെ ഹൃദയബന്ധമുള്ള ഒരാളെക്കുറിച്ച് വാക്കുകളിൽ അനുശോചനം പ്രകടിപ്പിക്കുകയെന്നത് ദുഷ്കരമാണ്. അദ്ദേഹത്തെ സ്പീക്കർ സ്ഥാനത്തുനിന്നും നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഈ സഭയിൽ എനിക്ക് അവതരിപ്പിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ ഓർക്കാപ്പുറത്തുള്ള നിര്യാണം എന്റെ ഒരു കുടുംബാംഗം വേർപെട്ടുപോയതിന് തുല്യമായ അനുഭവമായാണ് തോന്നുന്നത്. ആ വേർപാടിൽ ദു:ഖിക്കുന്നവരോടൊപ്പം ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോട് എന്റെ പാർട്ടിയുടേതുമാത്രമല്ല, വ്യക്തിപരമായ അനുശോചനം രേഖപ്പെടുത്താനും ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. എ. എ. അസീസ്: അന്തരിച്ച മുൻ സ്പീക്കർ എ.സി. ജോസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുകയാണ്. വീക്ഷണം പത്രത്തിന്റെ ചീഫ് എഡിറ്റർ എന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ച കർത്തവ്യം അവിസ്മരണീയമാണ്. ഞാൻ അദ്ദേഹത്തെ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്നത് പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ നേതാവെന്ന നിലയിലാണ്. മരണംവരെ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ശബ്ദിക്കുകയും നിർമ്മാണത്തൊഴിലാളി ഭരണ സമിതിയിൽ പ്രവർത്തിച്ചുവരികയുമായിരുന്നു. രാഷ്ട്രീയ-സാമൂഹിക-ഭരണ-പത്ര മാധ്യമ രംഗങ്ങളിലെല്ലാം ഒരുപോലെ ശോഭിച്ച എ.സി. ജോസിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും ദു:ഖം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): അവിചാരിതമായ സന്ദർഭത്തിലുണ്ടായ എ. സി. ജോസിന്റെ വേർപാട് ഏറെ വേദനാജനകമാണ്. അദ്ദേഹം അവസാന

നിമിഷംവരെ കർമ്മനിരതനായിരുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ അദ്ദേഹം നിറസാന്നിധ്യമായിരുന്നു. എം.പി., എം.എൽ.എ., സ്പീക്കർ, മേയർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ആധുനിക കൊച്ചിയുടെ ശില്പി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാൻ കഴിയും. വിദ്യാർത്ഥി നേതാവ്, തൊഴിലാളി നേതാവ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. കെ.എസ്.യു. വിദ്യാർത്ഥി പ്രസ്ഥാനത്തിന് രൂപവും അടിത്തറയും പാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് സാന്ദർഭികമായി ഞാൻ സൂചിപ്പിക്കുകയാണ്. വീക്ഷണം ദിനപ്പത്രത്തിന്റെ പത്രാധിപൻ എന്ന നിലയിലും മാധ്യമരംഗത്തും നിറസാന്നിധ്യമുള്ള അദ്ദേഹത്തിന്റെ ശാന്തമായ സമീപനം ആരേയും ആകർഷിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് രാഷ്ട്രീയ-സാംസ്കാരിക മേഖലകളെ ബാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ

അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 09.05-ന് പിരിഞ്ഞു.

*********